പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.176 26.09.2016 - ൽ മറുപടിയ്ക്ക്

## കരൾ രോഗം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കരൾ സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ലിവർ ട്രാൻസ് പ്ലാന്റേഷൻ നടത്തുന്നതിനായി സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് സൗകര്യം ഇല്ലാത്തതിനാലും സ്വകാര്യ ആശുപത്രികളിലെ താങ്ങാനാവാത്ത ചെലവ് മൂലവും സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി)എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) & (സി)<br>നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാത്രമേ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി)കരൾ രോഗത്തിന് ഫലപ്രദമായ ചികിത്സ സർക്കാർ ആശുപത്രികളിൽ ഇല്ലാത്തതിനാലും ചികിത്സ ഉള്ള സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും കാരുണ്യ പദ്ധതിപ്രകാരം ലഭ്യമാകേണ്ട സഹായവും പ്രധാനമന്ത്രിയുടെ ചികിത്സാസഹായവും ഒന്നും പാവപ്പെട്ടവരായ രോഗികൾക്ക് ലഭ്യമാകാത്ത സാഹചര്യം കണക്കിലെടുത്ത് ഇത്തരം രോഗികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നികുതി വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ